


ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
25 MARCH 2024 | VOL 03 | ISSUE 084 | 783


പാർലമെന്റ് ഇലക്ഷൻ പടിവാതിലിൽ

**എല്ലാ ക്രൈസ്തവരും വോട്ടവകാശം വിനിയോഗിക്കണം**
പേജ് 03

**കേന്ദ്രസർക്കാർ ചെയ്യുന്നത് ജനാധിപത്യ ധ്വംസനം: ക്രിസ്ത്യൻ ഐക്യവേദി**
പേജ് 03



**കർത്താവിന്റ വരവാണ് സമീപഭാവിയിലെ മഹാസംഭവം:**
പാ. ബി.മോനച്ചൻ
പേജ് 05

# മനുഷ്യനല്ല കാട്ടുമൃഗങ്ങൾ തന്നെയാണ് സർക്കാരിന് പ്രധാനം: മാർ റാഫേൽ തട്ടിൽ



**കോട്ടയം:** സർക്കാർ ഇന്ന് മനുഷ്യനേക്കാൾ പ്രാധാന്യം നൽകുന്നത് കാട്ടു മൃഗങ്ങൾക്കാണെന്ന് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ. ഓശാന ഞായറിനോടനുബന്ധിച്ച് വിശ്വാസികൾക്ക് നൽകിയ സന്ദേശത്തിലാണ് ബിഷപ്പ് ഇക്കാര്യം പരാമർശിച്ചത്.


മലയോര കർഷകരായ കുടിയേറ്റക്കാർ കള്ളന്മാരല്ലെന്ന് പറഞ്ഞ അദ്ദേഹം കാട്ടുമൃഗ ആക്രമണങ്ങളിൽ ദുരിതം അനുഭവിക്കുന്നവർക്കായി സഭ വിശുദ്ധവാരത്തിൽ പ്രാർത്ഥിക്കണമെന്നും ആവശ്യപ്പെട്ടു.

‘‘മനുഷ്യനേക്കാൾ കാട്ടുമൃഗത്തിന് പ്രാധാന്യം കൊടുക്കുന്നുണ്ടോ എന്ന് സംശയമാണ്. ചില നിലപാടുകൾ കാണുമ്പോൾ അങ്ങനെയാണ് തോന്നുന്നത്’’ അദ്ദേഹം പറഞ്ഞു.

വന്യജീവി ആക്രമണങ്ങൾ പതിവാകുന്ന സാഹചര്യത്തിൽ സർക്കാരിനെ അതിരൂക്ഷമായി വിമർശിച്ച് സിറോ മലബാർ സഭ രംഗത്ത് എത്തിയിരുന്നു. ശാശ്വത പരിഹാരം വൈകുന്നത് സർക്കാരിന്റെ നിസംഗതയാണെന്നായിരുന്നു ബിഷപ്പ് മാർ റഫേൽ തട്ടിൽ പരാമർശിച്ചത്. വന്യജീവി ആക്രമണങ്ങളിൽ മനുഷ്യ ജീവൻ നഷ്ടമാകുന്നത് അംഗീകരിക്കാൻ കഴിയില്ലെന്നും അദ്ദേഹം പറഞ്ഞിരുന്നു.

കഴിഞ്ഞ കുറച്ച് നാളുകളായി മലയോര മേഖലയിൽ വന്യമൃഗ ശല്യം രൂക്ഷമാണ്. സാധാരണക്കാരായ നിരവധി പേർക്കാണ് മൃഗങ്ങളുടെ ആക്രമണങ്ങളിൽ ജീവഹാനി സംഭവിച്ചത്. ഇതിനെതിരെ വ്യാപക പ്രതിഷേധമാണ് വിവിധ ഭാഗങ്ങളിൽ നിന്ന് ഉയർന്നത്. ഇതിന് പിന്നാലെ വന്യജീവി ആക്രമണങ്ങളെ ചെറുക്കുന്നതിൽ വനം വകുപ്പും സർക്കാരും യാതൊരുവിധ നടപടികളും സ്വീകരിക്കുന്നില്ലെന്ന ആക്ഷേപവും രൂക്ഷമാണ്. ഈ സാഹചര്യത്തിലാണ് ആർച്ച് ബിഷപ്പിന്റെ പരാമർശം

**CARTOON:**



ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
02
25 MARCH 2024
VOL 03 | ISSUE 084 | 783

EDITORIAL BOARD
പത്രാധിപസമിതി

**ചീഫ് എഡിറ്റർ**
ബ്ലസിൻ ജോൺ മലയിൽ

**മാനേജിംഗ് എഡിറ്റർ**
അജി കെ ജോർജ്ജ്

**പബ്ളിഷർ**
നെൽസൺ ജോർജ്ജ്

**എഡിറ്റർമാർ**
പാ. ഷിബു തോമസ്, ഒഖ്ലഹോമ
പാ. ലിജോ കെ ജോസഫ്
പാ. ടൈറ്റസ് ജോൺസൻ
പാ. സജോ തോണിക്കുഴിയിൽ
ജോജി ഐപ്പ് മാത്യൂസ്
സിഞ്ചു മാത്യു നിലമ്പൂർ

## വാഗ്ദത്ത വചനം

**മാർച്ച് 25**

'എന്റെ രക്ഷയും എന്റെ മഹിമയും ദൈവത്തിന്റെ പക്കൽ ആകുന്നു; എന്റെ ഉറപ്പുള്ള പാറയും എന്റെ എന്റെ സങ്കേതവും ദൈവത്തിങ്കൽ ആകുന്നു'.
(സങ്കീ 62 : 7)

എഡിറ്റോറിയൽ

# മറ്റൊരു സ്വാതന്ത്ര്യ സമരത്തിന് സമയമായി



നെൽസൻ എം. ജോസ്

ദണ്ഡിയാത്രയും ഉപ്പുസത്യാഗ്രഹവും ശിപായി ലഹളയും ക്വിറ്റിന്ത്യാ സമരവും ജാലിയൻവാലാബാഗും പാഠപുസ്തകങ്ങളിൽ നാം വായിച്ചറിഞ്ഞതാണെങ്കിൽ ഇന്നിതാ മറ്റൊരു സ്വാതന്ത്ര്യ സമരത്തിന് സമയമായി എന്ന് തോന്നിക്കും വിധമാണ് വർത്തമാന ഇന്ത്യയുടെ അവസ്ഥ.

ജാതിമത വർണ്ണ വർഗ്ഗ ഭാഷ വ്യതിയാനം ഇല്ലാതെ ഓരോ പൗരന്മാർക്കും അർഹമായ പ്രാധാന്യവും അവകാശങ്ങളും ഉറപ്പു നൽകുന്ന ഭരണഘടനയോട് കൂടിയാണ് 1947 ഓഗസ്റ്റ് 15ന് ഇന്ത്യ സ്വതന്ത്ര യായത്. ഓരോ നാട്ടുരാജ്യങ്ങളും ഇന്ത്യൻ യൂണിയനിൽ ലയിക്കുകയായിരുന്നു. ഭാഷ അടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകൃതമായി. ഇന്നും ചില തർക്കങ്ങൾ ഇല്ലാതില്ല.

സംസ്ഥാന ഗവൺമെൻറ്കൾക്ക് വ്യക്തമായ നിയമനിർമ്മാണ അവകാശം ഉറപ്പു നൽകുന്ന ഫെഡറൽ സംവിധാനമാണ് ഇന്ത്യയുടെ മഹത്വം. സ്വാതന്ത്ര്യവും ജനാധിപത്യവും ഫെഡറൽ സംവിധാനവും ഇന്ന് വെല്ലുവിളിക്കപ്പെടുകയാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യം ഒരു പക്ഷത്തിന്റെ മാത്രം സ്വാതന്ത്ര്യമായി മാറുകയാണ്.

അല്പം തമാശയായി പറഞ്ഞാൽ ഇന്ത്യൻ ജനാധിപത്യം ഇന്ന് ഐസിയുവിലാണ്. സകലതും ത്യജിച്ച് സ്വാതന്ത്ര്യ സമരത്തിലേക്ക് ദേശീയ പ്രക്ഷോഭത്തിലേക്ക് ആളുകൾ ഓടിപ്പോയ ഒരു കാലഘട്ടത്തെ അനുസ്മരിപ്പിച്ചുകൊണ്ട് 2024 പാർലമെൻറ് തിരഞ്ഞെടുപ്പ് നമ്മുടെ പടിവാതിക്കൽ നിൽക്കുകയാണ്.

ഇന്ത്യയുടെ ഭരണഘടനയും ചരിത്രവും അഖണ്ഡതയും സ്വാതന്ത്ര്യ ബോധമുള്ള ജനാധിപത്യ വിശ്വാസികളായ ഓരോ വ്യക്തികളും ഉയർത്തിപ്പിടിക്കുകയും പറഞ്ഞു പഠിപ്പിക്കുകയും ചെയ്യേണ്ട കാലഘട്ടമാണ്. അമാന്തിച്ചു കൂടാ! ഉറങ്ങാൻ കഴിയില്ല!

ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ. എഫേസ്യർ 5:16

## യൂറോപ്പിലെ വിവിധ രാജ്യങ്ങൾക്കായും നമുക്ക് പ്രാർത്ഥിക്കാം

ഇന്ന് പ്രാർത്ഥിക്കേണ്ട രാജ്യം:

### എസ്റ്റോണിയ

| | | |
|---|---|---|
| തലസ്ഥാനം | : | ടാലിൻ |
| ഭാഷ | : | എസ്തോണിയൻ |
| ജനസംഖ്യ | : | 1,322,765 |
| പ്രസിഡണ്ട് | : | അലാർ ഖാരിസ് |
| മതം | : | മതമില്ല, ക്രിസ്ത്യൻ |

നിരീശ്വരവാദം, ആരാധനകൾ, പുറജാതീയ ആചാരങ്ങൾ എന്നിവ ജനം ഉപേക്ഷിക്കാൻ പ്രാർത്ഥിക്കുക. എസ്റ്റോണിയക്കാർ യേശുവിനെ അനുഗമിക്കണം

രാജ്യത്ത് പാർക്കുന്ന റഷ്യക്കാർ, വംശീയ ന്യൂനപക്ഷങ്ങൾ, ബധിരരായ ജനങ്ങൾ എന്നിവർക്കിടയിൽ പ്രവർത്തിക്കാൻ തൽപരരായ സുവിശേഷകരെ ആവശ്യമുണ്ട്.

സഭാവിഭാഗങ്ങൾക്കിടയിൽ ഐക്യതയും സ്നേഹവും തുടരണം. സഭാ നേതാക്കൾ അതിനായി ശ്രമിക്കണം പ്രാർത്ഥിക്കുക.

ക്രിസ്ത്യൻ ലൈവ് DAILY
പരസ്യ നിരക്ക്

**FULL PAGE**
Front Page Rs.5000/-
Back Page Rs.4000/-
Inside Page Rs.3000/-

**HALF PAGE**
Front Page Rs.2500/-
Back Page Rs.2000/-
Inside Page Rs.1500/-

**QUARTER PAGE**
Front Page Rs.1250/-
Back Page Rs.1000/-
Inside Page Rs.750/-

**HALF OF QUARTER PAGE**
Front Page Rs.750/-
Back Page Rs.250/-
Inside Page Rs.500/-

ഒരേ സമയത്ത് ഒന്നിലേറെ ദിവസങ്ങളിൽ പരസ്യങ്ങൾ നൽകുന്നവർക്ക് പ്രത്യേക ഇളവുകൾ ഉണ്ടായിരിക്കും

# ലോകമെങ്ങും ഓശാനപ്പെരുന്നാൾ; വിശുദ്ധ വാരാചരണങ്ങൾക്ക് തുടക്കം



ന്യൂയോർക്ക്: ലോകമെങ്ങുമുള്ള ക്രൈസ്തവ ദേവാലയങ്ങളിൽ ഇന്നലെ യേശുക്രിസ്തുവിന്റെ ജറുസലം പ്രവേശനത്തിന്റെ സ്മരണകളുണർത്തി ഓശാനപ്പെരുന്നാൾ ആചരിച്ചു. ഇതോടെ ഒരാഴ്ച നീളുന്ന വിശുദ്ധ വാര ശുശ്രൂഷകൾക്ക് തുടക്കമായി ദേവാലയങ്ങളിൽ ആരാധനമധ്യേ കുരുത്തോല പ്രദക്ഷിണവും ഓശാനയോടനുബന്ധിച്ചുള്ള തിരുകർമങ്ങളും കുരുത്തോല വെഞ്ചരിപ്പും പ്രദക്ഷിണവും കുർബാനയും വചന സന്ദേശവുമാണ് നടന്നത്. യേശുവിന്റെ അന്ത്യ അത്താഴത്തിന്റെ സ്മരണകളുണർത്തുന്ന പെസഹ ആചരണവും കുരിശുമരണത്തിന്റെ സ്മരണകൾ പേറുന്ന ദുഃഖവെള്ളിയും ഉത്ഥാനത്തിന്റെ ആഹ്ളാദമുണർത്തുന്ന ഈസ്റ്ററും വിശുദ്ധ വാരാചണത്തിന്റെ പ്രത്യേക ദിനങ്ങളാണ്. അടുത്ത ഞായറാഴ്ച ഈസ്റ്ററോടെ ക്രിസ്തീയ സമൂഹം ആചരിച്ചുവരുന്ന വലിയ നോമ്പിന് സമാപ്തിയാകും.എന്നാൽ ക്രിസ്തിയ സമൂഹത്തിലെ പെന്തക്കോസ്തർ ഉൾപ്പെടെയുള്ള സഭാ വിഭാഗങ്ങൾ മറ്റാഘോഷങ്ങളിൽ എന്ന പോലെ വിശുദ്ധ വാരാചരണങ്ങളിലും പങ്കെടുക്കാറില്ല

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
03
25 MARCH 2024
VOL 03 | ISSUE 084 | 783

ഇലക്ഷൻ 2024



പാർലമെന്റ് ഇലക്ഷൻ പടിവാതിലിൽ

# എല്ലാ ക്രൈസ്തവരും വോട്ടവകാശം വിനിയോഗിക്കണം



**ബാബു പറയത്തുകാട്ടിൽ**
കേരളാ കോൺഗ്രസ് സംസ്ഥാന ജനറൽ സെക്രട്ടറി, യുണൈറ്റഡ് പെന്തകോസ്ത് സിനഡ് സംസ്ഥാന ജനറൽ സെക്രട്ടറി

ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് ക്രിസ്തൃൻ സമുദായം വളരെ അങ്കലാപ്പോടെയാണ് നോക്കികാണുന്നത്. കാരണം കഴിഞ്ഞ അഞ്ചു വർഷങ്ങളായി ഇന്ത്യയിൽ ക്രൈസ്തവരെ പിഡിപ്പിക്കുകയും പുരോഹിതന്മാരെ മർദ്ദിക്കുകയും, കൊലപ്പെടുത്തുകയും പള്ളികൾ തകർക്കുകയും ചെയ്യുന്നത് പതിവായി മാറിയിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ പ്രതികളെ അറസ്റ്റ് ചെയ്യാനും, നിയമനനടപടികൾ എടുക്കാനും അധികൃതർ തയ്യാറാകുന്നില്ല. ഉന്നതരുടെ അറിവോടെയാണ് ഇത്തരം ഹിനകൃതൃങ്ങൾ അഴിഞ്ഞാടുന്നത്.

ഈ പാർലമെന്റ് തെരഞ്ഞെടുപ്പ് ക്രൈസ്തവർ വളരെ ആശങ്കയോടെയാണ് കാണുന്നത്. ക്രൈസ്തവർക്ക് നേരെയുള്ള വിഷയങ്ങൾ വന്നിട്ടും ബി ജെ പി നേതൃത്വം ക്രിസ്തൃൻ നേതാക്കളെ കണ്ട് ചർച്ചകൾ നടത്താത്തിൽ യുണൈറ്റഡ് പെന്തകോസ്ത് സിനഡിന് ഉദ്ഘണ്ഠയുണ്ട്. ക്രൈസ്തവർ ഇത്തരം ഫാസിസ്റ്റ് ഭരണത്തെ അനുകൂലിക്കുന്നില്ല. ഭരണഘടന നൽകുന്ന സംരക്ഷണം എല്ലാവർക്കും ഒരുപോലെ നൽകണം. മതേതര രാജ്യമായ ഇന്ത്യയിൽ എല്ലാവരും വോട്ടവകാശം വിനിയോഗിക്കണം.മണിപ്പൂരിൽ ഉണ്ടായത് ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം വളരെ വേദന നിറഞ്ഞ അനുഭവമായി.ജാതിയും മതവും മനുഷ്യൻ എന്ന പരിഗണനക്ക് മുകളിൽ ആകരുത്

ഈ പാർലമെന്റ് തെരഞ്ഞെടുപ്പിൽ എല്ലാ ക്രൈസ്തവരും വോട്ടവകാശം വിനിയോഗിക്കണം

**വിഷയം**

# ഈ തെരഞ്ഞെടുപ്പിൽ ക്രൈസ്തവർ എങ്ങോട്ട്?

**ഓർക്കുക: ക്രിസ്ത്യൻ ലൈവ് പത്രം ഒരു രാഷ്ട്രിയപാർട്ടിയെയും സപ്പോർട്ട് ചെയ്യുന്നില്ല. എന്നാൽ വിവിധ കാഴ്ചപ്പാടുകളെ സസന്തോഷം സ്വാഗതം ചെയ്യുന്നു**

## വൈപ്പിനിൽ യു.പി.എഫി ന് പുതിയ ഭാരവാഹികൾ

വൈപ്പിൻ: വൈപ്പിനിലുള്ള വിവിധ പെന്തെക്കോസ്ത് സഭകളുടെ ഐക്യവേദിയായ യുപിഎഫിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡണ്ടായി പാസ്റ്റർ ഷാജി വിരിപ്പിൽ തിരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ എഡിസൻ ആന്റണിയാണ് വൈസ് പ്രസിഡണ്ട്. സെക്രട്ടറിയായി പാസ്റ്റർ ശാമുവേൽ പി. ചാക്കോയെ യും ട്രഷറാറായി പാസ്റ്റർ ഷെൽബൻ ഫ്രാൻസിസിനെ യും തിരഞ്ഞെടുത്തു. അനിൽ കെ.പി.യാണ് ജോ. സെക്രട്ടറി. രഞ്ജിത്ത് പി.സി. (പബ്ലിസിറ്റി കൺവീനർ), പാസ്റ്റർ ആന്റണി ഡിക്കുത്ത (പ്രയർ കൺവിനർ), ആൻറണി വടക്കനേടത്ത് (ഇവാഞ്ചലിസം കൺവീനർ) എന്നിവരെയും കമ്മിറ്റി അംഗങ്ങളായി പാസ്റ്റർമാരായ ഡെന്നി റാഫേൽ, എം. യേശുദാസൻ, പി.ജെ. ജോൺ, ആന്റോ കെ. ഒ, ടോണി പി.എം, സഹോദരന്മാരായ ജയൻ ടി പി, ആൻറണി അരുജ, രതീഷ് എ.എം, തോമസ് കെ.ഒ. എന്നിവരെയും തിരഞ്ഞെഞ്ഞെടുത്തു.

25 കിലോമീറ്റർ നീളവും ഏകദേശം 5 കിലോമീറ്റർ വീതിയുള്ള ഏഷ്യയിലെ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള, വെള്ളത്താൽ ചുറ്റപ്പെട്ട ഈ ദ്വീപിൽ സുവിശേഷ പ്രവർത്തനം സജീവമാക്കുവാനും പുതിയ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനും തീരുമാനമായി.

## കുമ്പനാട്ട് ബാഡ്ജിംഗ് സെറിമിണി

കുമ്പനാട്: പവർ വിബി എസിന്റെ ഡയറക്ടേഴ്സ് ബാഡ്ജിംഗി സെറിമണി ഐപിസി ഹെബ്രോൻ ചാപ്പലിൽ നടന്നു. വിബി എസ് എക്സിക്യൂട്ടിവ് ചെയർമാൻ ഡോ. വർക്കി ഏബ്രഹാം കാച്ചാണത്ത് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ പാ. വർഗീസ് മത്തായി അനുഗ്രഹ പ്രഭാഷണം നടത്തി. ഡയറക്ടർ പാ.ജോസ് തോമസ് ചാക്കോ , സെക്രട്ടറി പാ. തോമസ് മാത്യു ചാരുവേലിൽ ട്രഷറാർ ബ്രദർ ഫിന്നി മാത്യു, ബ്രദർ ജെസ്റ്റിൻ നെടുവേലിൽ, സിസ്റ്റർ ജെയമോൾ രാജു തുടങ്ങിയവർ പ്രസംഗിച്ചു.

## തിരുവല്ലയിൽ ആത്മനിറവിന്റെ ദിനങ്ങൾ

തിരുവല്ല: അസംബ്ളിസ് ഓഫ് ഗോഡ് തിരുവല്ല സെക്ഷന്റെ നേതൃത്വത്തിൽ ഇന്നു മുതൽ മാർച്ച് 30 വരെ വിവിധ സഭകളിൽ പ്രത്യേക പ്രാർത്ഥനകൾ നടക്കും. പാസ്റ്റർമാരായ സാമുവേൽ ആന്റണി, കുരികേശു , റെജി ശൂരനാട്, പ്രിൻസ് ലാൽ , റെജി വർഗീസ് തുടങ്ങിയവർ പ്രസംഗിക്കും. എജിയുടെ മേപ്രാൽ, പച്ച, പുളിക്കീഴ്, ആനപ്രമ്പാൽ, വളഞ്ഞവട്ടം സഭകളിൽ നടക്കുന്ന ശുശ്രൂഷകൾക്ക് പാസ്റ്റർമാരായ കെ എസ് സാമുവേൽ , നെൽസൺ സാമുവേൽ , ജോൺ എബ്രഹാം സഹോദരങ്ങളായ ബിജി ജോസഫ്, ഐപ്പ് വിഴലിൽ, ലാലു സാമുവേൽ തുടങ്ങിയവർ നേതൃത്വം കൊടുക്കും.

## ഇടപ്പള്ളിയിൽ ഡിസൈപ്പിൾ ഷിപ്പ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

എറണാകുളം: അസംബ്ളിസ് ഓഫ് ഗോഡ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ ഇടപ്പള്ളി ടോൾ ജംഗ്ഷനിലുള്ള എജി ഫെയ്ത്ത് നഗറിൽ വചന പഠനത്തിനായി ഡിസൈപ്പിൾഷിപ്പ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിച്ചു.റവ. ബാബു വർഗീസ് ഉദ്ഘാടനം ചെയ്തു. റവ. ഡോ. കെ നന്നു ക്ലാസുകൾ നയിച്ചു.

## കാട്ടാക്കടയിൽ താലൂക്ക് മീറ്റിംഗ്

കാട്ടാക്കട: യുണൈറ്റഡ് പെന്തക്കോസ്ത് സിനഡിന്റെ താലൂക്ക് മീറ്റിംഗ് ബുധനാഴ്ച ഉച്ചക്ക് രണ്ടിന് പൂവച്ചൽ കൊണ്ണിയൂർ ചക്കിപ്പാറ എജി ചർച്ചിൽ നടക്കും. പാസ്റ്റർമാരായ സുരൻ, രാജേഷ് എന്നിവർ നേതൃത്യം നൽകും. സംസ്ഥാന പ്രതിനിധികൾ പങ്കെടുക്കും

## കേന്ദ്രസർക്കാർ ചെയ്യുന്നത് ജനാധിപത്യ ധ്വംസനം: ക്രിസ്ത്യൻ ഐക്യവേദി

ഉപ്പുതറ: അധികാര ദുർവിനിയോഗത്തിലൂടെ രാഷ്ട്രീയ പ്രതിയോഗികളെ തുറങ്കിലടയ്ക്കുന്ന ജനാധിപത്യ ധ്വംസനമാണ് കേന്ദ്രസർക്കാർ ചെയ്യുന്നതെന്ന് ക്രിസ്തൃൻ ഐക്യവേദി സംസ്ഥാന സമിതി കുറ്റപ്പെടുത്തി. ഇതിന്റെ അവസാനത്തെ ഉദാഹരണമാണ് ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റ്. അടിക്കടി ഉണ്ടാകുന്ന ഇത്തരം നടപടിക്കെതിരേ ഓരോ പൗരനും പ്രതികരിക്കണമെന്ന് കൺവീനർ കുര്യാക്കോസ് എം.കുടക്കച്ചിറ ആവശ്യപ്പെട്ടു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
04
25 MARCH 2024
VOL 03 | ISSUE 084 | 783

# വണ്ടിത്താവളത്ത് ഏകദിന യൂത്ത് മീറ്റിംഗ്

കോയമ്പത്തൂർ: ഐപിസി കർമ്മേൽ വണ്ടിത്താവളം സഭയും ഐസിപിഫ് കോയമ്പത്തൂരും ചേർന്ന് ഏകദിന യൂത്ത് മീറ്റിംഗ് സംഘടിപ്പിക്കും. മാർച്ച് 28 ന് വ്യാഴാഴ്ച രാവിലെ ഒമ്പത് മുതൽ ഐപിസി കർമ്മേൽ വണ്ടിത്താവളം സഭയിൽ നടക്കുന്ന സമ്മേളനത്തിൽ പാസ്റ്റർ ജിൻസ് സെബാസ്റ്റ്യൻ മുഖ്യ അതിഥി ആയിരിക്കും. സുവി. ജോവിൻ എം. ജോൺ , പാ. തോമസ് ജോർജ് തുടങ്ങിയവർ നേതൃത്വം നൽകും.

ഈ യൂത്ത് മീറ്റിംഗ് സ്കൂൾ വിദ്യാർത്ഥികൾക്കും യൗവ്വനക്കാർക്കും വേണ്ടിയുള്ള ഒരു സ്പെഷ്യൽ ഇവന്റ് ആയിരിക്കുമെന്നും അവധിക്കാലത്ത് കർത്താവിനെ അധികം അറിയുവാനും ദൈവഹിതം തിരിച്ചറിയുവാനും യൗവ്വന മോഹങ്ങളെ വിട്ടു കർത്താവിനു വേണ്ടി ജീവിതം സമർപ്പിക്കുവാനുമുള്ള അവസരമാണെന്നും സംഘാടകർ പറഞ്ഞു.

# മഴവെള്ള സംഭരണിക്ക് ചുറ്റും പിറ്റുകൾ സ്ഥാപിച്ച് മാർത്തോമ്മാ മെത്രാപ്പൊലീത്ത



തിരുവല്ല: ലോക ജലദിനത്തിൽ തിരുവല്ല എസ്‌സി സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ മഴവെള്ള സംഭരണിയുടെ ചുറ്റുമായി പിറ്റുകൾ സ്ഥാപിച്ചു. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്ത ഉദ്ഘാടനം ചെയ്തു. മാർത്തോമ്മാ സഭാ കൗൺസിൽ അംഗം തോമസ് കോശി അധ്യക്ഷത വഹിച്ചു.

സഭാ സെക്രട്ടറി എബി ടി മാമ്മൻ സുവിശേഷ പ്രസംഗ സംഘം മാനേജിങ് കമ്മിറ്റി അംഗം ടിജു എം ജോർജ്, മെത്രാപ്പൊലീത്തൻ സെക്രട്ടറി റവ.കെ.ഇ ഗീവർഗീസ്, ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ജോൺ കെ തോമസ്, പ്രഥമാധ്യാപിക മേരി കെ ജോൺ, ജോഷി സി.ജോണി എന്നിവർ പ്രസംഗിച്ചു.

# ന്യൂനപക്ഷ വകുപ്പിന് കീഴിൽ മദ്രസ ബോർഡ് പ്രവർത്തിപ്പിക്കുന്നതിന്റെ യുക്തി എന്താണെന്ന് കോടതി

അലഹബാദ്: ഒരു പ്രത്യേക മതത്തിനും അതുമായി ബന്ധപ്പെട്ട ആശയത്തിനുമായി സ്കൂൾ വിദ്യാഭ്യാസ ബോർഡ് സൃഷ്ടിക്കാൻ സംസ്ഥാനത്തിന് അധികാരമില്ലെന്നും അത് മതേതരത്വത്തെ ഇല്ലാതാക്കുമെന്നും അലഹബാദ് ഹൈക്കോടതി.

ജസ്റ്റിസ് വിവേക് ചൗധരിയും ജസ്റ്റിസ് സുഭാഷ് വിദ്യാർഥിയും അടങ്ങുന്ന ബെഞ്ചിന്റേതായിരുന്നു വിധി. 2004 ലെ യുപി മദ്രസ എജ്യൂക്കേഷൻ ആക്ട് ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിച്ച വിധിയിലാണ് കോടതി ഇത്തരത്തിൽ നിരീക്ഷണം നടത്തിയിരിക്കുന്നത്.

മത വിദ്യാഭ്യാസത്തിനായി ഒരു ബോർഡ് രൂപീകരിക്കാനോ ഒരു പ്രത്യേക മതത്തിനും അതുമായി ബന്ധപ്പെട്ട പ്രത്യയശാസ്ത്രത്തിനും വേണ്ടി മാത്രം സ്കൂൾ വിദ്യാഭ്യാസത്തിൽ ഒരു ബോർഡ് സ്ഥാപിക്കാനോ സംസ്ഥാനത്തിന് അധികാരമില്ല. സ്റ്റേറ്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന ഇത്തരത്തിലുള്ള ഏതൊരു നടപടിയും മതേതരത്വത്തിന്റെ തത്വങ്ങളെ ലംഘിക്കുന്നതാണ്. സംസ്ഥാനത്തെ എല്ലാ വ്യക്തികൾക്കും തുല്യ പരിഗണന നൽകുന്ന ആർട്ടിക്കിൾ 14 ന്റെ ലംഘനമാണെന്നും കോടതി സൂചിപ്പിച്ചു. ''ഈ രാജ്യത്തെ പൗരന്മാർക്കാണ് തങ്ങളുടെ മതവും അതിന്റെ മൂല്യങ്ങളും പ്രചരിപ്പിക്കാൻ അവകാശമുള്ളത്. രാജ്യത്തെ ഒരു പൗരന് സ്വന്തം മതത്തിലോ മറ്റേതെങ്കിലും മതത്തിലോ അല്ലെങ്കിൽ മറ്റെല്ലാ മതങ്ങളിലുമോ വിശ്വസിക്കാം. പക്ഷേ, ഭരണകൂടത്തിന് അങ്ങനെ ചെയ്യാൻ കഴിയില്ല. ഭരണകൂടം മതേതരമായി നിലകൊള്ളണം. എല്ലാ മതങ്ങളെയും തുല്യമായി ബഹുമാനിക്കുകയും പരിഗണിക്കുകയും വേണം'' വിധിയിൽ പറയുന്നു.

ഭരണകൂടത്തിന് അതിന്റെ കർത്തവ്യങ്ങൾ നിർവഹിക്കുമ്പോൾ ഒരു തരത്തിലും മതങ്ങൾക്കിടയിൽ വിവേചനം കാണിക്കാനാവില്ല. 2004ലെ നിയമത്തിന്റെ നിയമസാധുതയെയും കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം (ഭേദഗതി) നിയമത്തിലെ 2012ലെ ചില വ്യവസ്ഥകൾ എന്നിവ ചോദ്യം ചെയ്ത് അൻഷുമാൻ സിങ് റാത്തോഡ് സമർപ്പിച്ച ഹർജി പരിഗണിക്കുകയായിരുന്നു കോടതി. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പകരം മദ്രസ ബോർഡ് ന്യൂനപക്ഷ വകുപ്പിന് കീഴിൽ പ്രവർത്തിപ്പിക്കുന്നതിന്റെ യുക്തിയെ കുറിച്ച് കേന്ദ്ര സർക്കാരിനോടും സംസ്ഥാന സർക്കാരിനോടും കോടതി നേരത്തെ മറുപടി ചോദിച്ചിരുന്നു.

# കീഴില്ലത്ത് ബിരുദദാന സമ്മേളനം

എറണാകുളം: കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയുടെയും മിഷനറി ട്രെയിനിങ് സെന്ററിന്റെയും 41 മത് ബിരുദദാന സമ്മേളനം നടന്നു. സെമിനാരി ഓഡിറ്റോറിയത്തിൽ നടന്ന സമ്മേളനത്തിൽ ഐപിസി ജനറൽ പ്രസിഡന്റ് റവ. ഡോ. റ്റി. വത്സൻ എബ്രഹാം മുഖ്യാതിഥിയായിരുന്നു. പെനിയേൽ ബൈബിൾ സെമിനാരി വൈസ് പ്രിൻസിപ്പൽ റവ. ഗീവർഗീസ് തോമസ് ബിരുദദാന സമ്മേളനത്തിന് നേതൃത്വം നൽകി. സെമിനാരി പ്രസിഡണ്ട് വിനീത വർഗീസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. റവ. സാംകുട്ടി എം. ജെ, പാസ്റ്റർ പി. ഒ. ഏലിയാസ്, പാസ്റ്റർ എം. പി. ജോസ്, പാസ്റ്റർ റോണി, പാസ്റ്റർ എം. ജി. രാജു എന്നിവർ ആശംസകൾ അറിയിച്ചു. എം.ഡിവ്, ബി.ടി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റി എച്ച്, സർട്ടിഫിക്കറ്റ് ഇൻ ക്രിസ്ത്യൻ മിനിസ്ട്രി ക്ലാസ്സുകളിലായി 45 പേർ ബിരുദങ്ങൾ സ്വീകരിച്ചു. 202425അധ്യായന വർഷത്തെക്കുള്ള ക്ലാസുകൾ ജൂൺ മൂന്നിന് ആരംഭിക്കുമെന്ന് വൈസ് പ്രിൻസിപ്പൽ അറിയിച്ചു.

# രോഗം പ്രാർഥിച്ച് മാറ്റാമെന്ന് പറഞ്ഞ് വീട്ടിൽ വരുത്തി പീഡനം

ചെന്നൈ: രോഗം പ്രാർഥിച്ചുമാറ്റാമെന്നുപറഞ്ഞ് വീട്ടിലേക്കുവരുത്തി യുവതിയെ ലൈംഗികമായി പീഡിപ്പിച്ചയാൾ അറസ്റ്റിൽ.

മയിലാടുതുറൈ ജില്ലയിലെ തിരുവാളപുത്തൂരിലെ പള്ളിയിലെ സുവിശേഷകനായ ഫിലിപ്പ് വിജയേന്ദ്രനാണ്(58) അറസ്റ്റിലായത്. ഇയാളുടെ സഭയിലുള്ള യുവതിയെയാണ് കാലിന്റെ പ്രശ്നം മാറ്റാൻ പ്രാർഥിക്കാമെന്നുപറഞ്ഞ് വീട്ടിലേക്ക് വിളിച്ചത്.

വീട്ടിലെത്തിയ യുവതി പീഡിപ്പിക്കുകയും പുറത്തുപറഞ്ഞാൽ കൊല്ലുമെന്ന് ഭീഷണിപ്പെടുത്തുകയുംചെയ്തു. യുവതി പിന്നീട് മയിലാടുതുറൈയിലുള്ള വനിതാപോലീസ് സ്റ്റേഷനിൽ പരാതി നൽകി. കേസെടുത്ത പോലീസ് ഫിലിപ്പ് വിജയേന്ദ്രനെ അറസ്റ്റുചെയ്തു. കോടതിയിൽ ഹാജരാക്കി ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡ് ചെയ്തു.

# കാസർകോട് ജില്ലയിൽ സുവിശേഷ യാത്ര

തിരുവല്ല : ഹോപ്പ് മിഷൻ ഇന്ത്യയുടെ നേതൃത്വത്തിൽ ഏപ്രിൽ 5 മുതൽ 10 വരെ കാസർകോട് ജില്ലയിൽ സുവിശേഷ പ്രചരണ യാത്രയും യോഗങ്ങളും നടക്കും. ആത്മഹത്യാ പ്രവണതയ്ക്കും വിഷാദരോഗങ്ങൾക്കും മദ്യം മയക്കുമരുന്ന് ലഹരികൾക്കും എതിരെ ഹോപ്പ് മിഷൻ ഇന്ത്യ 2017 മുതൽ കേരളത്തിൽ സജീവമാണ്. പരസ്യ ബോധവൽക്കരണ സുവിശേഷ മീറ്റിംഗുകൾ രണ്ടാം റൗണ്ട് തിരുവനന്തപുരം ജില്ലയിൽ കഴിഞ്ഞ മാസം പൂർത്തീകരിച്ചിരുന്നു. കഴിഞ്ഞ ഏഴു വർഷം കൊണ്ട് കേരളത്തിലുടനീളം 2400 ൽ അധികം മീറ്റുങ്ങുകൾ പൂർത്തീകരിച്ചു. ഈ ബോധവൽക്കരണത്തിലൂടെ പതിനായിരത്തിലധികം ആൾക്കാരെ ജീവിതത്തിലേക്ക് മടക്കി കൊണ്ടുവരുവാൻ സാധിച്ചവെന്ന് പാസ്റ്റർ സാം ചെന്നിത്തല പറഞ്ഞു.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
05
25 MARCH 2024
VOL 03 | ISSUE 084 | 783

# വിദ്യാഭ്യാസത്തിലൂടെ ആത്മാഭിമാനം വളർത്തണം: മാത്യൂസ് മാർ സെറാഫിം



തിരുവല്ല: വിദ്യാഭ്യാസത്തിലൂടെ ആത്മാഭിമാനം വളർത്തണമെന്നും അതിലൂടെ സ്വത്വബോധവും വ്യക്തിത്വ വളർച്ചയും സാധ്യമാകുമെന്നും മാത്യൂസ് മാർ സെറാഫിം

മാർത്തോമ്മാ സഭ നിരണം മാരാമൺ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന കുടുംബ സംഗമവും യുവജന സമ്മേളനവും ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭദ്രാസന സെക്രട്ടറി റവ. മാത്യൂസ് എ. മാത്യു അധ്യ ക്ഷത വഹിച്ചു. റവ.ഡോ. കെ. തോമസ്, ഡോ.സിജിയാ ബിനു എന്നിവർ പഠനങ്ങൾക്ക് നേതൃത്വം നൽകി.

ഭദ്രാസന ട്രഷറർ അനീഷ് കുന്നപ്പുഴ, ന്യൂ പാരിഷ് കൺസേൺസ് കമ്മിറ്റി കൺവീനർമാരായ വി.എം. ജോസഫ്, സുധാ ജേക്കബ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ റവ ഉമ്മൻ കെ.ജേക്കബ്, സജി പെരുമാൾ, ലിനോജ് ചാക്കോ, സി. തോമസ്, എബി തോമസ്, സൂസമ്മ സാമുവൽ, ഭദ്രാസന കൗൺസലിങ് സെന്റർ ഡയറക്ടർ റവ.ഡോ. തോമസ് കുര്യൻ അഞ്ചേരി എന്നിവർ പ്രസംഗിച്ചു.


# കർത്താവിന്റെ വരവാണ് സമീപഭാവിയിലെ മഹാസംഭവം: പാ. ബി.മോനച്ചൻ





ആസ്ട്രേലിയ: ലോകം വിശ്വസിച്ചാലും ഇല്ലെങ്കിലും സമീപഭാവിയിൽ നാം കാണാൻ പോകുന്ന ഏറ്റവും വലിയ മഹാസംഭവം ദൂത സംഘത്തോടൊപ്പം രാജാധി രാജാവും കർത്താധി കർത്താവുമായ യേശുക്രിസ്തുവിന്റെ വാനമേഘങ്ങളിലുള്ള വരവാണെന്ന് പാ. ബി. മോനച്ചൻ പ്രസ്താവിച്ചു. അസ്ട്രേലിയയിലെ ആലിസ് സ്പ്രിംഗ്സ് കോർണർസ്റ്റോൺ പെന്തക്കോസ്തൽ ചർച്ചിന്റെ ആഭിമുഖ്യത്തിൽ നടന്ന റിവൈവ് ആൻഡ് റിജോയ്സ് കോൺഫ്രൻസിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. പാസ്റ്റർ ഡാനിയേൽ ഈപ്പച്ചൻ കോൺഫ്രൻസിന് നേതൃത്വം നൽകി

# കുമ്പനാട്ട് ഡയാലിസിസ് ജീവൻ പദ്ധതി



കുമ്പനാട്: തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പൊലീത്തയുടെ 75 ാം ജന്മവാർഷികത്തോടനുബന്ധിച്ച് നിരണം മാരാമൺ ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ നിർധനർക്കായി നടപ്പാക്കുന്ന ഡോ.തിയഡോഷ്യസ് മാർത്തോമ്മാ സൗജന്യ ഡയാലിസിസ് ജീവൻ പദ്ധതിക്കുള്ള തുക കൈമാറി.

ആദ്യഘട്ട തുകയും ചെന്നൈ മാർത്തോമ്മാ ഇടവക, മാരാമൺ മാർത്തോമ്മാ ഇടവക, കുവൈത്ത് സിറ്റി മാർത്തോമ്മാ ഇടവക, മുട്ടം മാർത്തോമ്മാ ഇടവക, ഇരുവെള്ളിപ്ര ക്രിസ്തോസ് മാർത്തോമ്മാ ഇടവക, ഇരവിപേരൂർ ഇമ്മാനുവൽ മാർത്തോമ്മാ യുവജന സഖ്യം എന്നിവിടങ്ങളിൽ നിന്നുള്ള സംഭാവനകളുമാണ് കുമ്പനാട് ക്രിസോസ്റ്റം ഫെലോഷിപ് മിഷൻ ആശുപത്രിക്ക് കൈമാറിയത്. ഡോ. തിയഡോഷ്യസ് മാർ ത്തോമ്മാ മെത്രാപ്പൊലീത്ത, ഡോ. യുയാക്കിം മാർ കൂറിലോസ് സഫ്രഗൻ മെത്രാപ്പൊലീത്ത, മന്ത്രി വീണാ ജോർജ് തുടങ്ങിയവർ പങ്കെടുത്തു.

# ഇരവിപേരൂരിൽ വാർഷിക ധ്യാനം

ഇരവിപേരൂർ: സെന്റ് ആൻസ് മലങ്കര കത്തോലിക്കാ പള്ളിയിൽ ഇന്നും നാളെയും വാർഷിക ധ്യാനം നടക്കും. വൈകിട്ട് 5.30 ന് കുർബാനയോടെ ആരംഭിക്കുന്ന ധ്യാനം കുന്നന്താനം ദൈവപരിപാലനയുടെ ചെറിയ ദാസികളുടെ സന്യാസിനീ സമൂഹം (എൽ.എ സ്.ഡി.പി.) സുപ്പീരിയർ ജനറൽ മദർ മേരി റോസിലിയും ടീമംഗങ്ങളും നയിക്കും.

# ഡോക്ടർ സജി ഫിലിപ്പിന് യംഗ് ഇൻവസ്റ്റിഗേറ്റർ അവാർഡ്



മുംബൈ: ഇന്ത്യൻ അക്കാദമി ഓഫ് എക്കോ കാർഡിയോഗ്രാമിന്റെ നാഷണൽ കോൺഫ്രൻസിൽ മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള യംഗ് ഇൻവസ്റ്റിഗേറ്റർ അവാർഡ് ഡോക്ടർ സജി ഫിലിപ്പിന് ലഭിച്ചു. ഹൃദയത്തിന്റെ ഇടത്തേ അറയുടെ പേശിയേക്കുറിച്ചുള്ള മികച്ച ഗവേഷണ പ്രബന്ധത്തിനുള്ള അവാർഡാണ് ലഭിച്ചത്.

മുംബയിൽ നടന്ന ചടങ്ങിൽ മുപ്പതിനായിരം രൂപയും പ്രശസ്തി പത്രവും അടങ്ങിയ അവാർഡ് അദ്ദേഹം ഏറ്റുവാങ്ങി. ഡോ. സജിയുടെ പല പ്രബന്ധങ്ങൾക്കും മുൻപ് അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കുട്ടികളിൽ ഹൃദയസ്തംഭനത്തിന് കാരണമാകുന്ന കവാസാക്കി രോഗത്തിന് ഫലപ്രദമായ പ്രതിവിധികണ്ടെത്തുകയും കവാസാക്കി രോഗം ഒരു ഇമ്യൂൺ കോംപ്ലക്സ് സ്ലൈറ്റിസ് ആണെന്നും ഗവേഷണത്തിലൂടെ കണ്ടെത്തിയത് ഈ രംഗത്ത് ശ്രദ്ധേയമായ നേട്ടമാണ്. ഇന്ത്യാ പെന്തെക്കോസ്ത് ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭാംഗമായ ഡോ. സജി ഫിലിപ്പ് മികച്ച പ്രഭാഷകൻ കൂടെയാണ്. ഭാര്യ ഡോ. ബയൂല സജി. ഐപിസി സ്ഥാപക പ്രസിഡന്റ് പാസ്റ്റർ പി.എം.സാമുവലിന്റെ കൊച്ചുമകളാണ്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION

25 MARCH 2024
VOL 03 | ISSUE 084 | 783

# ഞാൻ കണ്ട ഭൂതമിളക്കും, എന്റെ കൂടെ വന്ന കുട്ടിഭൂതവും!

ചിരിക്കാനും ചിന്തിക്കാനും



ജോയി മാത്യു

രാത്രി പതിനൊന്നായി കാണും, സഭയിലെ ഒരു സഹോദരനും മറ്റൊരാളും കൂടെ വന്ന് കതകിൽ മുട്ടി.... രണ്ട് പേരും വളരെ പരിഭ്രമിച്ചിരിക്കുന്നു.
ഞങ്ങളുടെ അമ്മക്ക് എന്തോ പറ്റി... അത്താഴം ഊണെല്ലാം കഴിഞ്ഞു ഉറങ്ങാൻ കിടന്നതാണ്.. എന്നാൽ 'ആന വരുന്നേ....' എന്നുപറഞ്ഞു വളരെ നിലവിളിയോടെ ചാടിയെണീറ്റു... എന്തൊക്കയോ പരസ്പരവിരുദ്ധമായി സംസാരിക്കുകയും, ഇടക്ക് ചിരിക്കുകയും കരയുകയും ഒക്കെ ചെയ്യുന്നു...
പാസ്റ്റർ ഈ രാത്രിയിൽ വീട്ടിൽ വരെ വന്ന് പ്രാർത്ഥിക്കണം..
ഉറങ്ങി കിടന്ന എന്നെയും, ജേഷ്ഠനേയുംകൂട്ടി
ആ രാത്രിയിൽ തന്നെ അപ്പനും അമ്മയും, അവരോടൊപ്പം മണ്ണെണ്ണ വിളക്കിന്റെ ഇരുണ്ട വെട്ടത്തിൽ യാത്ര തിരിച്ചു.....

ആ വീട്ടിൽ ചെന്നപ്പോൾ, കാര്യങ്ങൾ ആകെ വഷളായിരുന്നു എന്ന് മനസിലായി.... പ്രാർത്ഥിക്കാൻ ആരംഭിച്ചു, ആ സമയം കൊണ്ട് അയൽ വാസികളായ ചില വിശ്വാസികൾകൂടി വന്നു...

എല്ലാവരും പാടുവാനും പ്രാർത്ഥിക്കുവാനും ദൈവവചനം വായിക്കുവാനും തുടങ്ങി... ഭൂതം ബാധിച്ച സ്ത്രീ വളരെ ചേഷ്ടകൾ കാണിക്കാൻ ആരംഭിച്ചു .... ആരാധന മദ്ധ്യേ അതിന് ഇരിക്കാൻ കഴിഞ്ഞില്ല...
..എന്നേ വിടൂ....എനിക്ക് പോണം.... എന്ന് അലറി വിളിക്കാൻ തുടങ്ങി..
പക്ഷെ..
എന്റെ പിതാവ് ആ അശുദ്ധാത്മാവിനെ പറഞ്ഞു വിടാൻ കൂട്ടാക്കുന്നില്ല...
.... നീ ആരാ....
.... നീ എവിടുന്ന് വന്നു...
..... എന്തിന് ഈ സ്ത്രീയിൽ കയറി.... ഇതിനെല്ലാം ഉത്തരം കൃത്യമായി പറയിപ്പിക്കുന്നു...
വ്യാജം പറയുന്ന പിശാച് ഒരിക്കലും സത്യം പറയില്ലെന്ന് അറിയാമായിരുന്നിട്ടും എന്തുകൊണ്ട് വീണ്ടും വീണ്ടും ഇങ്ങനെ ചോദിക്കുന്നു എന്ന് ഇന്നും എനിക്ക് ഒരു ചോദ്യചിഹനമാണ്.
അത് അപ്പന്റെ ഒരു സ്റ്റൈൽ ആയിരുന്നു വെന്ന് വിശ്വസിക്കുന്നു!

സമയം പോകുന്നതറിഞ്ഞില്ല രാവിലെ നാലുമണിയായി..
പിശാച് സത്യം ചെയ്തു പോകാൻ തയാറായി... കൊച്ചുകുട്ടിയായിരുന്ന ഞാൻ ആരാത്രിയിൽ ഉറങ്ങിയില്ല.. ഇതെല്ലാം കണ്ടും കേട്ടും പ്രാർത്ഥിച്ചും ഇരുന്നു.. അവസാനം അടയാളമായി മുറ്റത്തു നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ വലിയ ഒരു ശിഖരം ഒടിച്ചു ഇട്ടിട്ടു വലിയ ശബ്ദത്തോടെ അലറി ആ ദുഷ്ടടാത്മാവ് ആ സ്ത്രീ യിൽ നിന്നും പോയി.... ചിലനിമിഷങ്ങൾ അവർ മയങ്ങി കിടക്കുകയും പിന്നീട് മുഖത്ത് വെള്ളം തളിച്ച് അവർ എഴുന്നേറ്റിരുന്നു....
അവർ ഇതൊന്നും അറിഞ്ഞിരുന്നില്ല.... നേരം വെളുത്തപ്പോൾ ഞങ്ങൾ തിരികെ വീട്ടിൽ എത്തി.... ഇത് ഒരു സംഭവം മാത്രം....

ആ കാലഘട്ടത്തിൽ മിക്കവാറും യോഗങ്ങളിൽ അശുദ്ധാത്മാക്കൾ ബാധിച്ചവർ ഉണ്ടായിരുന്നു... പ്രാർത്ഥിച്ചു അമർച്ച ചെയ്യുക ആയിരുന്നില്ല, പ്രാർത്ഥിച്ചു അതിനെ പറഞ്ഞു വിട്ടിട്ടേ യോഗം അവസാനിപ്പിച്ചിരുന്നുള്ളൂ.. സമയം പോകുന്നു എന്ന് ആർക്കും ഒരു പരിഭവവും ഇല്ലായിരുന്നു.....

ഇന്നത്തെ പോലെ ആയിരുന്നില്ല അന്ന്... ഉണർവ് യോഗങ്ങൾ നടക്കുമ്പോൾ ചിലർക്ക് ഭൂതം ഇളകും...പിന്നീട് യോഗത്തിന്റെ സ്റ്റൈൽ തന്നെ മാറും...
പിശാച് ബാധിച്ച ആ വ്യക്തിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആരംഭിക്കും, ബാധ ഉള്ള ആളെ നടുക്കിരുത്തി ഉപദേശിയും വിശ്വാസികളും ചുറ്റും ഒരു വലയം തീർക്കും....
പിന്നീട് പ്രാർത്ഥിക്കാൻ ആരംഭിക്കും... ആ സമയത്ത് പാടുന്ന ചില പ്രത്യേക ഭൂതമിളക്കി പാട്ടുകൾ തന്നെയുണ്ട്.
''... തീ കത്തിക്ക എന്നിൽ തീ കത്തിക്ക.....''
''....സാത്താന്റെ കോട്ടകൾ തകർന്നിടട്ടെ...''
തമ്പേറും സൈസ്രം ഒക്കെ അടിച്ചു കൈകൊട്ടി പാടി ആരാധിക്കും...
ആ സമയത്ത് ഭൂതം ഇളകി ചേഷ്ടകൾ കാണിക്കാൻ തുടങ്ങും... ആ ഭൂത ബാധയുണ്ടായ വ്യക്തിയുടെ ശരീരത്തിൽ നിന്നും അശുദ്ധാത്മാവ് വിട്ടുപോകുന്നത് വരെ യോഗം നീണ്ട് നിൽക്കും..ചിലത് പോകില്ല... ദിവസങ്ങളോളം മീറ്റിംഗ് നീട്ടും....
കുട്ടികൾ മിക്കവരും ഉറങ്ങിപോകുമെങ്കിലും..
ഇതൊക്കെ കാണാനും കേൾക്കാനും എനിക്ക് ഒത്തിരി ഇഷ്ടമാണ്.....

നീ ആരാനീ എവിടുന്ന് വരുന്നു ഇവരുടെ ശരീരത്തിൽ എന്തിന് കയറി.....ഇപ്രകാരമുള്ള ചോദ്യത്തിന് വ്യക്തമായ ഉത്തരം പറഞ്ഞിട്ട് മാത്രമേ ശരീരത്തിൽ നിന്ന് പറഞ്ഞ് വിടുകയുള്ളായിരുന്നു.. പിശാച് വ്യാജം പറയുന്നവനാണ്, ഒരിക്കലും സത്യം പറയില്ലങ്കിലും ആരാധന മദ്ധ്യേ പിശാച് ബാധിച്ച വ്യക്തി ഇരുന്നു നിലവിളിക്കും.....
എന്നെ വിടൂ....
എനിക്ക് പൊള്ളുന്നു...
ഞാൻ പൊക്കോളാമെ...
ഇനി ഒരിക്കലും ഇയാളിൽ പ്രവേശിക്കുകയില്ല എന്ന് പറയും.... മൂന്ന് പ്രാവശ്യം സത്യം ചെയ്യിച്ചു, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഇന്ന ആളിൽ നിന്നും എന്നന്നേക്കുമായി വിട്ടു പോകുന്നു, അടയാളം കാണിച്ചു വിട്ടു പോകും... നിലത്തുകിടന്നു ഉരുണ്ടു വാതിൽ പടി വരെ ഇഴഞ്ഞു പോകും....
ചിലപ്പോൾ അടച്ചിട്ട വാതിൽ തന്നെ തുറന്നു പുറത്ത് പോകും..
പിശാച് ഇറങ്ങി പോകുമ്പോൾ വഴിയിൽ ആരെയും ഇരുത്തുകയില്ല, അതിന് വഴിമാറിക്കൊടുക്കും, അല്ലങ്കിൽ പോകുന്ന വഴിയിൽ ദൈവകൃപ ഇല്ലാത്തവനാണെങ്കിൽ അവന്റെ ദേഹത്തു കയറും എന്നാണ് ഒരു പറച്ചിൽ... ശരിയാണോ എന്നറിയില്ല... കുട്ടികളൊക്കെ വീട്ടിൽ 'ഭൂതമിളക്കുകളി' കളിക്കാറുണ്ടായിരുന്നു.

ഒരിക്കൽ ഒരു ഭൂത ബാധയുള്ള സ്ത്രീയിൽ നിന്നും പതിനേഴു അശുദ്ധാത്മാവിനെ എണ്ണി എണ്ണി പുറത്താക്കി... എന്റെ പിതാവിനോടൊപ്പം പ്രാർത്ഥിക്കുന്ന ദൈവകൃപയുള്ള അനേക മാതാപിതാക്കളും ഉണ്ടായിരുന്നു...
ഈ സ്ത്രീ ഭദ്രകാളിയെ പോലെ വായ് തുറന്നു നാക്ക് നീട്ടി കാണിക്കാൻ തുടങ്ങി ഞാൻ എന്റെ അടുത്തിരുന്ന എന്റെ ഒരു ഉപ്പാപ്പന്റെ ഒരു വലിയ ടോർച്ചു വാങ്ങി അവരുടെ വായിലേക്ക് അടിച്ചു...
ആ പിശാച് എന്നോട് പറഞ്ഞത് ഞാൻ ഇന്നും ഓർക്കുന്നു...
ടാ.. ടാ.. ടാ....
നീ കൊള്ളാവല്ലോ ???
ബാക്കി കഥ രസാവഹമാണ്... രാത്രിയിൽ ഞാൻ വീട്ടിൽ ചെന്ന് ചേഷ്ടകൾ കാണിക്കാൻ തുടങ്ങി.... പിന്നെ ദൈവകൃപയുള്ള ഒരു അപ്പൻ ഉള്ളതുകൊണ്ട് ഞാൻ രക്ഷപെട്ടു....
എനിക്ക് വേണ്ടി പ്രാർത്ഥിച്ചു കുട്ടിപിശാചിനെ ഓടിച്ചുവിട്ടു... അതൊരു കളങ്കമായി ഇന്നും കിടക്കുന്നു.. അടുത്ത ബന്ധുക്കൾ ഇന്നും പറഞ്ഞു എന്നെ കളിയാക്കാറുണ്ട്.....
(അത് ഇത് വരെ പോയില്ലെന്നു : ഭാര്യ ??)

# ആരോഗ്യ സംരക്ഷണം



## മൾബെറിയിൽ ഒളിച്ചിരിക്കുന്ന പോഷകങ്ങൾ

നമ്മുടെ വീട്ടുവളപ്പിലുള്ള ആ മൾബറിച്ചെടി ഒന്ന് ശ്രദ്ധിക്കുന്നത് നല്ലതാണ്.
ആന്റി ഓക്സിഡന്റുകളും വിറ്റാമിനുകളും പോഷകങ്ങളും ധാരാളം അടങ്ങിയിട്ടുള്ള മൾബെറി കഴിക്കുന്നത് ശരിരത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാൻ സഹായിക്കും. ചുവപ്പ്, കറുപ്പ്, പർപ്പിൾ, പിങ്ക്, വെള്ള തുടങ്ങി പല നിറങ്ങളിൽ ലഭ്യമായ മൾബെറികൾ വിറ്റാമിൻ എ, സി, കെ, പൊട്ടാസ്യം, അയൺ, കാത്സ്യം തുടങ്ങിയവയുടെ കലവറയാണ്.
ഫൈബർ ധാരാളം അടങ്ങിയ മൾബെറി ഡയറ്റിൽ ഉൾപ്പെടുത്തുന്നത് ദഹനം മെച്ചപ്പെടുത്താനും പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും സഹായിക്കുമെന്നാണ് പഠനങ്ങൾ പറയുന്നത്.
എല്ലുകളുടെ ആരോഗ്യത്തിനും കൊളസ്ട്രോൾ കുറയ്ക്കാനും ഹൃദയാരോഗ്യം സംരക്ഷിക്കാനും സഹായിക്കുന്ന ഒന്നുകൂടിയാണ് മൾബെറി. അയൺ ധാരാളം അടങ്ങിയിട്ടുള്ളതിനാൽ ചുവന്ന രക്തകോശങ്ങളുടെ നിർമാണം വർധിപ്പിക്കാനും വിളർച്ചയെ തടയാനും മൾബെറി സഹായിക്കുന്നു.
കണ്ണുകളുടെ ആരോഗ്യത്തിനും മൾബെറി നല്ലതാണ്

# ഏറ്റവും സുഖകരമായ കിടക്കയിൽ കിടന്നുറങ്ങണം

പി. റ്റി. കോശിയച്ചൻ

വലിയ ജ്ഞാനിയായ ഒരു പിതാവ് മകന് ഉപദേശങ്ങൾ നൽകിയിരുന്നു. അദ്ദേഹം പറഞ്ഞു: മകനെ നീ ഏറ്റവും രുചിയുള്ള ഭക്ഷണം മാത്രമേ കഴിക്കാവൂ, ഏറ്റവും സുഖകരമായ കിടക്കയിൽ കിടന്നുറങ്ങണം. ഏറ്റവും മനോഹരമായ വസതിയിൽ ആയിരിക്കണം നീ താമസിക്കുന്നത്. മകൻ മറുപടി പറഞ്ഞു: പിതാവേ, ഇവയൊന്നും നമുക്കില്ലല്ലോ നാം ദരിദ്രരല്ലേ? പിതാവിന്റെ മറുപടി: മകനെ ഇവയെല്ലാം സമ്പത്തുകൊണ്ട് നേടാവുന്നതല്ല. അതിനാൽ നിനക്ക് ഇവയെല്ലാം സാധ്യമാണ്. എങ്ങനെ എന്നാൽ നന്നായി വിശക്കുമ്പോൾ മാത്രം ഭക്ഷണം കഴിക്കുക. അപ്പോൾ ആ ഭക്ഷണം ഏറ്റം രുചിയുള്ളതായി അനുഭവപ്പെടും. സത്യസന്ധമായും വിശ്വസ്തമായും അധ്വാനിക്കണം. ക്ഷീണം തോന്നുമ്പോൾ മാത്രം കിടക്കുക, അപ്പോൾ നിന്റെ കിടക്ക ഏറ്റം സുഖകരമായി തീരും. എല്ലാവരെയും ബഹുമാനിക്കുകയും ആദരവോടെ ഇടപെടുകയും ചെയ്യുക. അപ്പോൾ നീ വസിക്കുന്നത് അവരുടെ ഹൃദയങ്ങളിലായിരിക്കും. അതാണ് ഏറ്റവും മനോഹരമായ വസതി

എത്ര സുന്ദരമായ ഉപദേശം! ഇവിടെ ജീവിതത്തെ കുറിച്ചുള്ള ഒരു വലിയ ദർശനമാണ് വെളിപ്പെടുന്നത്. സമ്പന്നരുടെ ഭക്ഷണവും കിടക്കയും ഭവനവും ഏറ്റവും ആകർഷണീയം എന്ന് തോന്നിയേക്കാം. എന്നാൽ രുചികരമെങ്കിലും ഭക്ഷിക്കാൻ കഴിയാതെയും സുഖകരമായ കിടക്കകളെങ്കിലും ഉറങ്ങാൻ കഴിയാതെയും വിഷമിക്കുന്ന ധാരാളം ധനികന്മാർ ഈ ലോകത്തിലുണ്ട്. ഭൗതിക സുഖസൗകര്യങ്ങളല്ല നമ്മുടെ ജീവിതം മെച്ചപ്പെടുത്തുന്നത്. സുഖവും സൗന്ദര്യവും, ഓരോ വ്യക്തിയുടെയും ജീവിതരീതി (lifetsyle) യോട് ബന്ധപ്പെട്ടിരിക്കുന്നു. എന്തിനു വേണ്ടിയാണ് നാം ജീവിക്കുന്നത്? അതേക്കുറിച്ചുള്ള ശരിയായ ദർശനമാണ് ഉന്നതമായ ജീവിതരീതി ഉള്ളവരാക്കി നമ്മെ തീർക്കുന്നത്.

ക്രിസ്ത്യൻ ലൈവ് DAILY
ON THE BATTLEFIELD FOR THE GREAT COMMISSION
07
25 MARCH 2024
VOL 03 | ISSUE 084 | 783

# ഓർമകളാണ് ഓശാന



ജെ എസ്സ് അടൂർ

ഓശാന ഓർമ്മകളാണ്,
കുരുത്തോലകളുടെ,
ഒലിവ് ചില്ലകളുടെ,
ഈന്തപ്പന നിഴലുകളുടെ,
യെരുശലേശമിലെ കഴുത
കളുടെ.

ആളുകളുടെ ആരവങ്ങളു
ടെ അകമ്പടിയിൽ വന്നോ
രാൾക്ക്, ഓശാന, ഓ
ശാന, ഓശാന.

നസ്രേത്തിലെ
യേശുവെന്ന ആശാരിക്ക്,
കുരുത്തോലകളായിരുന്നു
കൂട്ടിന്. വാളും, പരിചയും
ഇല്ല. ഒലിവ് ചില്ലകളുടെ
പച്ചപ്പ് മാത്രം.
കുതിരപ്പുറത്തേറിയില്ല,

യേരുശലെമിൽ.
കഴുതപ്പുറത്തേറി
കുരുത്തോലകളുടെ
വിപ്ലവുമായി വന്നൊരാൾ.

യേശുവിന്റ മുഖം
റോമാ സാമ്രാജ്യത്തിലേ
തല്ല. വാൾത്തല മിന്നലിൽ
മിന്നുന്ന മുഖമല്ല.
പരിചയിലെ കുരിശല്ല.

യേശുവെനിക്കു കുരിശു
യുദ്ധങ്ങളല്ല. കൊലയും
കൊള്ളിവെപ്പും കച്ചവട
വുമല്ല.

സിംഹാസനങ്ങൾ അല്ല.
തിരുമേനിമാരുടെ
കഴുത്തിൽ മിന്നുന്ന
പൊൻകുരിശല്ല.
ബസലിക്കകളിലെ
സ്വർണ്ണം പൂശിയ യേശു
വിനെ എനിക്കറിയില്ല .
കത്രീഡലുകളിലെ
കമാനങ്ങളിൽ
കനകപൂർണ്ണയേശു,
എനിക്കപരിചിതനാണ്.

യേശുവിനെ ഫ്രെമിയി
ലാക്കിതൂക്കുവാനെനി
ക്കാകില്ല. ഭിത്തിയിലേ
ആണികളിൽ, തൂങ്ങി കിട
ക്കുന്നൊരു
മായകാഴ്ച്ചയല്ലന്റെ യേശു.

അറിയുന്നയേശു
തച്ചനാണ്. സ്നേഹത്തി
ന്റെ, പെരുന്തച്ചൻ.
കുരുത്തോലയാണ്.
കരച്ചിലും, കണ്ണീരുമുള്ള,
ചെറുപ്പക്കാരനാണ്.

വിശക്കുന്നവരുടെ,
അപ്പമാകുന്നവൻ.
ദാഹിക്കുന്നവരുടെ,
വീഞ്ഞായവൻ. നഗ്നരാ
യവർക്ക്, കമ്പിളി പുതപ്പാ
കുന്നവൻ. വേശ്യയേ കല്ലു



എറീയാത്തൊൻ.

പീഡതരുടെ സ്നേഹ
സൈനികൻ.
ദുഖിക്കുവർക്ക്,
ആശ്വാസമാകുന്നോൻ.
പെണ്ണിനെ ആദരിച്ചോൻ.

മുക്കുവർക്ക് മീൻ,
കാട്ടികൊടുക്കൂന്നോൻ.
കാറ്റിനെ ശാസിച്ചു,
കടലിൻ മീതെ കൂട്ടിനു
വരുന്നൊരു കൂട്ടുകാര
നവൻ.
വാതിലിൽ മുട്ടുമ്പോൾ,
തുറന്നു നിറയുന്ന,
യേശുവാണു ഉയർപ്പിൽ
ഉയിരായി, കുരിശുകൾക്കു
പ്പുറം യാത്രയാകുന്നൊ
രാൾ.

തച്ചന്റെ മകനെന്നുമോർ
പ്പിക്കും, പാവപ്പെട്ടവരെ
യും,
പീഡിതരെയും കുഷ്ടരോ
ഗികളെ, ഉപ്പിനെ. വെള്ള
ത്തെയും വള്ളത്തെയും.
മീനിനെയും. മുക്കവരെ
യും
മഗ്ദലെ മറിയെയെയും

ഒറ്റു കൊടുത്ത യൂദാമാ
രെ,
തള്ളി പറഞ്ഞ പത്രോ
സിനെ. ''വാളെടുത്തവൻ
വാളാൽ'' എന്നരുളിയ യേ
ശുവിനേയാണ് ഓർമ്മ.
ഓശാന ഓർമ്മയിൽ,
മുന്തിരി വള്ളികൾ പൂവിട്ടു
നിൽക്കുന്നത്.
നീതിക്കായി ദാഹിക്കുന്ന
വരെ, വെള്ളത്തെ വീ
ഞ്ഞ് ആക്കുന്നത്. അഞ്ചു
അപ്പം അയ്യായിരം പേരെ
പോഷിപ്പിക്കുന്നത്.

പള്ളികളിൽ ക്രൂശി
ക്കപ്പെട്ട യേശുവിന്റെ
ഇടത്തും വലത്തും ഉള്ള
കള്ളൻമാരെ,
കള്ളൻമാരുടെ ഗുഹകളെ,
യേശുവിനെ ഇന്നും വിൽ
ക്കുന്ന, സർപ്പ സന്തതിക
ളെ.

അറിഞ്ഞ യേശുവിനെ,
സ്നേഹമായി സ്വാന്തനമാ
യി. നീതിയായി, പ്രത്യാശ
യായി, പ്രകാശമായി,
രോക്ഷമായി എന്നും രാ
വിലെ, എന്നുള്ളിൽ ഉയർ
ത്തെഴുന്നേറ്റു
''നീ ഭൂമിയുടെ ഉപ്പാണ്,''
എന്നു പറഞ്ഞു.

ഒരു തഴുകകലോടെ
ഉറക്കത്തിൽ നിന്ന് വി
ളിച്ചുണർത്തി സ്നേഹ
ത്തിനു നീതിക്കായും
ശബ്ദിക്കുവാൻ പറയും. ദു
ഖിക്കുന്നവർക്കും, പീഡി
തർക്കും, ന്യായം നടത്തു
വാൻ
പറയും. സത്യം പറയു
വാൻ പറയും. അന്യായ
ങ്ങളെ, ചോദ്യം ചെയ്യാൻ
പറയും. അധികാരത്തിന്
മുട്ട് മടക്കരുതന്നു ഉതി
രും..

യേശു കുരുത്തോലകളു
ടെ
കരുണകളുമായാണ്
ഉള്ളിലിരുന്നൊതുന്നത്
ഇടയനായി. പച്ചയായ
പുൽപുറങ്ങളിലേക്ക്,
സ്വസ്ത്തതയുള്ള വെള്ള
ത്തിന് അരികിലേക്ക്
തലയിലെ തൈല അഭി
ഷേകമായി. സകല
ബുദ്ധിയെയും കവിയുന്ന
സമാധാനമായി.
സ്നേഹമായി,
ഉള്ളിൽ നിറയുന്നൊരേശു.

ഓശാന
ഓർമ്മകളാണ്,
ഓർമ്മപ്പെടുത്തലുകളാണ്.
ശാന്തി, ശാന്തി, ശാന്തി.

# സീൽ ആശ്രമത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹായ ഹസ്തം

മുംബൈ: തെരുവിൽ ഉപേക്ഷിക്കപ്പെട്ടവരുടെ അഭയ കേന്ദ്രമായ സീൽ ആശ്രമത്തിന് ഇന്ത്യൻ ഓയിൽ കോർപ്പറേഷന്റെ സഹായ ഹസ്തം. പൻവേൽ ആസ്ഥാനമായി പ്രവർത്തിക്കുന്ന ആശ്രമത്തിനാണ് കോർപറേഷൻ രണ്ട് ആംബുലൻസുകളും120 ആശുപത്രി കിടക്കകളും ആശുപത്രി ഫർണിച്ചറുകളും വാട്ടർ ഫിൽട്ടറും നൽകിയത്.

ആംബുലൻസിന്റെ ഉദ്ഘാടനം ഹാസ്യ നടൻ ജോണി ലിവർ, ഡോ. എബ്രഹാം മത്തായി, സീൽ ആശ്രമം സ്ഥാപകൻ പാസ്റ്റർ കെ.എം. ഫിലിപ്പ് എന്നിവർ ചേർന്ന് നിർവഹിച്ചു. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ചീഫ് ജനറൽ മാനേജർ ഗൗതം ഗുപ്ത, എലിസബത്ത് സുഹാസിനി, ജനറൽ മാനേജർ സൗമ്യ ആനന്ദ് ബാബു, ചീഫ് മാനേജർ രജനികാന്ത് എന്നിവർ ചേർന്നാണ് ആംബുലൻസുകൾ ഫ്ലാഗ് ഓഫ് ചെയ്തത്. ആംബുലൻസുകളും ആശു പത്രി കിടക്കകളും മറ്റ് ഫർണി ച്ചറുകളും വരും ദിവസങ്ങളിൽ രക്ഷാപ്രവർത്തനങ്ങൾ മികച്ച രീതിയിൽ മെച്ചപ്പെടുത്താൻ സിൽ ആശ്രമത്തിന് തുണയാകും.

മുംബൈ നഗരത്തിൽ തെരു വിലെറിയപ്പെട്ട നിർധനരെ പോലീസ് അധികാരികളും സന്നദ്ധ പ്രവർത്തകരും 24 വർഷമായി പനവേൽ കേന്ദ്രമാക്കി പ്രവർ ത്തിക്കുന്ന സീലിലെത്തിക്കാറുണ്ട്. എച്ച്ഐവി, ടിബി, മാനസിക പ്രശ്നങ്ങൾ എന്നിവയുൾപ്പെടെ വിവിധ രോഗങ്ങളാൽ നോക്കാൻ ആരുമില്ലാത്തവർക്കും അത്താണിയാണ് ഇപ്പോൾ ആശ്രമം.

ഇരുന്നുറ്റൻപതിൽ പരം അന്തേവാസികൾ ഇവിടെയുണ്ട്. ഇതിനകം 514 പേർക്കാണ് വീടുകളിലേക്ക് മടങ്ങി പോകാൻ ആശ്രമം സഹായമായത്. തെരുവിൽനിന്നും ആശ്ര മത്തിലെത്തുന്നവർ സ്രഷ്ടാവാം ദൈവത്തെ തിരിച്ചറിഞ്ഞ്, സമാ ധാനത്തോടെ അവരുടെ കുടുംബങ്ങളെ ഏല്പിക്കുന്നതിൽ വിജയം കണ്ടതായി സ്ഥാപക ഡയറക്ടർ പാസ്റ്റർ കെ.എം. ഫിലിപ്പ് പറഞ്ഞു.






തയ്യാറാക്കിയത്:
സിസ്റ്റർ ജൂലി സുനിൽ

## ഇന്നത്തെ ചോദ്യങ്ങൾ

**വായന ഭാഗം: ലൂക്കോസ് 1 - 3**

1. സഖറിയ പുരോഹിതന്റെ കാലത്ത് യഹൂദയിലെ രാജാവ്?
2. ധൂപം കാട്ടുവാൻ ആർക്കാണ് നറുക്ക് വന്നത്?
3. ശുശ്രൂഷ സമയത്ത് ഊമനായി തീർന്ന പുരോഹിതൻ?
4. യാക്കോബ് ഗൃഹത്തിന്റെ രാജാവ്?
5. ഹന്ന പ്രവാചകിയുടെ ഗോത്രം?

### ഇന്നലത്തെ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ

1. സമാധാനം. (10:10)
2. ശാസന. (10:17)
3. ദയാലുവായവൻ. (11:17)
4. ക്രൂരമത്രെ. (12:10)
5. ന്യായം. (12:5)

CHRISTIAN LIVE DAILY
25 MARCH 2024
VOL 03
ISSUE 084 | 783
ON THE BATTLEFIELD FOR THE GREAT COMMISSION

www.christianlive.in
cnl7news@gmail.com
+91 98465 52220

